# മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി

## (സംഗ്രഹം)

സെൽഫ് ഫിനാൻസിംഗ്/സ്വാശ്രയ മേഖലയിലുള്ള ആർട്സ് ആൻഡ് സയൻസ് കോളജുകൾ- 2012-13 അദ്ധ്യയന വർഷം മുതൽ അനുവദിച്ച പുതിയ കോളേജുകളും കോഴ്സുകളുമായി ബന്ധപ്പെട്ട് ആരോപിക്കപ്പെട്ട ക്രമക്കേടുകൾ പരിശോധിക്കാനായി നിയമിച്ച സമിതി - കോളജിൻെറ അഫിലിയേഷൻ പിൻവലിക്കുവാൻ തീരുമാനിച്ച വിവരം അറിയിക്കുന്നതു സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക്ക് എ.7 വിഭാഗം**

ഉത്തരവ് നം 2190 A/1/17/എസി.എ.VII — തീയതി, പി.ഡി.ഹിൽസ്, 20.04.2017

---

പരാമർശം:- 1. സർവകലാശാല ഉത്തരവ്.നം.4297/എ1/2016/അക്കാദമിക്, തീയതി 04.08.2016..

2. 31.12.2016 തീയതിയിൽ കൂടിയ സർവകലാശാല സിൻഡിക്കേറ്റ് യോഗത്തിൻെറ ഇനം. നം. ഒ.എ 3/16.11 തീരുമാനം.

3. 07.01.2017 -ലെ 'നം.5001/1/17/എ.സി.എ.7' എന്ന കത്ത്.

4. സർവകലാശാല ഉത്തരവ്.നം.1673/എ1/2017/അക്കാദമിക്, തീയതി 21.03.2017.

സൂചന (1) പ്രകാരം 2012-13 അധ്യയന വർഷം മുതൽ പുതിയതായി അനുവദിച്ച കോളേജുകളും കോഴ്സുകളുമായി ബന്ധപ്പെട്ട് ആരോപിക്കപ്പെട്ട ക്രമക്കേടുകൾ പരിശോധിക്കാനായി ഒരു സിൻഡിക്കേറ്റ് സമിതിയിയെ നിയോഗിച്ചിരുന്നു. ഈ സമിതി ഇതുസംബന്ധിച്ച പരിശോധനകൾ നടത്തുകയും വിശദമായ ഒരു റിപ്പോർട്ട് സർവകലാശാല സിൻഡിക്കേറ്റിനു മുൻപാകെ സമർപ്പിക്കുകയും ചെയ്തു. സൂചന (2) പ്രകാരം സിൻഡിക്കേറ്റ് മേൽപ്പറഞ്ഞ റിപ്പോർട്ട് പരിഗണിക്കുകയും അത് അംഗീകരിക്കുകയും ചെയ്തു

സമിതിയുടെ റിപ്പോർട്ടിൽ, കോളജുകൾ പരിശോധിച്ചതിൽ പരാമർശിച്ചിരുന്ന ന്യൂനതകൾ അറിയിച്ചുകൊണ്ട് സൂചന (3) പ്രകാരം ഓരോ കോളജിനും പ്രത്യേകം നോട്ടീസ് അയച്ചിരുന്നു. സർവകലാശാല/യു.ജി.സി നിയമങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ടുള്ള കോളേജുകളുടെ പ്രവർത്തനം അംഗീകരിക്കാൻ കഴിയില്ലെന്നും, സർവകലാശാല സിൻഡിക്കേറ്റിന് ഏതൊരു കോളേജിനും നൽകിയ അഫിലിയേഷൻ ഏതൊരു സമയത്തും ഒരു അന്വേഷണ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടുകളിൽ പറയുന്ന നടപടിക്രമം പാലിച്ചുകൊണ്ട് പിൻവലിക്കാവുന്നതാണെന്നും, അതിൻെറ അടിസ്ഥാനത്തിൽ താഴെയുള്ള പട്ടികയിൽ പറയുന്ന ഓരോ കോളജിൻെറയും അഫിലിയേഷൻ പിൻവലിക്കാനുള്ള നടപടികൾ ആരംഭിക്കാൻ 31.12.2016-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ച വിവരവും അതതു കോളജുകളെ അറിയിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം സർവകലാശാലയെ രേഖാമൂലം അറിയിക്കാനും ആവശ്യപ്പെട്ടിരുന്നു.

<u>കോളജുകളുടെ പട്ടിക</u>

1. കെ.എം.പി. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, പെരുമ്പാവൂർ, എറണാകുളം.
2. എം.ഇ.എസ്. കോളേജ്, ഇടത്തല.
3. ഇലാഹിയ കോളേജ് ഓഫ് കോമേഴ്സ്, കാവുംകര, വെള്ളൂർകുന്നം മാർക്കറ്റ് പി.ഒ.
4. കെ.ബി.കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, ചൊവ്വര , ആലുവ
5. ശങ്കരമംഗലം കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ, കവിയൂർ, പത്തനംതിട്ട

6. സി.എ.എസ്.അയിരൂർ, പത്തനംതിട്ട
7. ശ്രീനിധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് സയൻസ്, ഇളമ്പള്ളികവല, ആനിക്കാട്,കോട്ടയം
8. സെന്റ് സ്റ്റീഫൻസ് കോളേജ്, ചേലാട്, കോതമംഗലം.
9. ആദിശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർട്സ് ആന്റ് സയൻസ്, കാലടി, ആലുവ, എറണാകുളം.

എന്നാൽ മുകളിൽ പറഞ്ഞിട്ടുള്ള കോളജുകളുടെ ഭാഗത്തുനിന്നും മറുപടിയൊന്നും ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് കൂടുതലായൊന്നും ബോധിപ്പിക്കുവാനില്ല എന്ന അനുമാനത്തിൽ 7/3/2017ലെ സിൻഡിക്കേറ്റ് സമിതിയുടെ ശുപാർശപ്രകാരം സൂചന (4) അനുസരിച്ച് മേൽപട്ടികയിലുള്ള കോളജുകളുടെ അഫിലിയേഷൻ പിൻവലിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
കോമളവല്ലി.കെ
ഡെപ്യൂട്ടി രജിസ്ട്രാർ-I (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി.

പകർപ്പ്

1) ബന്ധപ്പെട്ട കോളജുകളുടെ മാനേജർമാർക്ക്
2) വി.സി./പിവിസി എന്നിവരുടെ പി.എസ്.
3) രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പി.എ
5) ജെ.ആർ/ഡി.ആർ/ഏആർ (അക്കാദമിക്/എക്സാം)
6) റ്റാബുലേഷൻ സെക്ഷൻ
6) യു.ജി/പി.ജി. ക്യാപ്സെൽ
7) എസി.സി/എസിഎ8/എസി.ബി.6/ എസിഎ1
8) പി.ആർ ഒ/സി.എം.എസ്
9) എസ്.എഫ്/എഫ്സി/റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നമ്പർ 5001/1/17/എ.സി.എ.7